# കേരള സംസ്ഥാന ശിശുക്ഷേമ സമിതി

തൈക്കാട് പി.ഒ., തിരുവനന്തപുരം - 695014, കേരളം, ഇന്ത്യ
ഫോൺ : +91- 0471- 2324932, 2324939, 2329932
web : www.childwelfare.kerala.gov.in
e-mail : childwelfarekerala@gmail.com

childwelfarekeralaofficial


നമ്പർ : സി.ഡി.എസ്.-2024-2025/കേ.സം.ശി.ക്ഷേ.സ./25 തീയതി : 11/09/2025

പരാമർശം: സ.ഉ.(സാധാ) നമ്പർ:385/2025/WCDD തീയതി, തിരുവനന്തപുരം 22.08.2025

## ക്വട്ടേഷൻ നോട്ടീസ് നമ്പർ 3/2025

കേരള സംസ്ഥാന ശിശുക്ഷേമ സമിതി - ശിശുദിന സ്റ്റാമ്പ് - 2024-25 ഒരു കോടി എണ്ണം അച്ചടിച്ച് 13,102 എണ്ണം ബുക്കുകളായി ബൈൻഡ് ചെയ്ത് സമിതി ലഭ്യമാക്കുന്ന 12,430 എണ്ണം മേൽവിലാസ്സങ്ങളിലുള്ള ഓഫീസ്/സ്ഥാപനങ്ങൾക്ക് ഓരോന്നിനും കേരള സംസ്ഥാന ശിശുക്ഷേമ സമിതി തീരുമാനിക്കുന്ന എണ്ണത്തിനാവശ്യമായ ഒന്നോ അതിലധി കമോ ബുക്കോ, ബുക്കുകളായോ ബഹു. മുഖ്യമന്ത്രിയുടെ ശിശുദിനസ്റ്റാമ്പ് സന്ദേശം, പരാ മർശം സർക്കാർ ഉത്തരവ്, ശിശുദിന സ്റ്റാമ്പ് -2024 ആശയം ഉൾക്കൊള്ളുന്ന പോസ്റ്റർ എന്നിവ ഉൾപ്പെടുത്തി ബഹു.സമിതി ജനറൽ സെക്രട്ടറിയുടെ ശിശുദിനസ്റ്റാമ്പ്-2024 സ്വീക രിക്കണം എന്ന അഭ്യർത്ഥന കത്തിൽ ഓരോ സ്ഥാപനത്തിനും അനുവദിച്ച സ്റ്റാമ്പ് - എണ്ണം, ആയതിന്റെ തുക അനുവദിച്ച സ്റ്റാമ്പ് ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തി 14 x10 ഇഞ്ച് വലിപ്പമുള്ള മൈസൂർ ക്രാഫ്റ്റ് ബ്രൗൺ എൻവെലപ്പിൽ മേൽവിലാസ്സം എഴുതി/ഒട്ടിച്ച് പായ്ക്ക് ചെയ്തോ, ബ്രൗൺ പേപ്പറിൽ പൊതിഞ്ഞ് അനുവദിച്ച സ്റ്റാമ്പ്-എണ്ണം, മേൽവിലാസ്സം എന്നിവ എഴുതി കാർഡ്ബോർഡ് കവറിലാക്കി ഓഫീസ്/സ്ഥാപനങ്ങളുടെ മേൽവിലാസ്സം എഴുതി/ഒട്ടിച്ച് (പാഴ്സൽ രൂപം) കേരള സംസ്ഥാന ശിശുക്ഷേമ സമിതിയ്ക്ക് ലഭ്യമാ ക്കുന്നതിന് കേരളത്തിനകത്ത് പ്രിന്റിംഗ് സാദ്ധ്യമായതും, വിശ്വാസ്യത തെളിയിച്ചതുമായ സർക്കാർ/അർദ്ധ-സർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന ക്രമ ത്തിൽ പ്രിന്റിംഗ്, പായ്ക്കിംഗ് തുക രേഖപ്പെടുത്തി മുദ്രവച്ച (സീൽഡ്) കവറിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു.

## 1. ശിശുദിനസ്റ്റാമ്പ്-2024-അച്ചടി ബൈൻഡിംഗ്

### സ്റ്റാമ്പ് അച്ചടിക്കേണ്ട അളവും, പേപ്പറിന്റെ നിലവാരവും

| | |
|---|---|
| സ്റ്റാമ്പിന്റെ അളവ് | 4 സെ.മീ. x 5 സെ.മീ. (4x5 cm ഉയരം, വീതി) |
| അച്ചടി | മൾട്ടികളറിൽ പെർഫൊറേഷൻ സഹിതം<br>4 colour with perforation |
| കടലാസ് | ഡബിൾ ഡമ്മി ആർട്ട് പേപ്പർ **100** GSM<br>Double Dummy Art Paper **100** GSM |

ഡബിൾ ഡമ്മി ആർട്ട് പേപ്പറിൽ 25 എണ്ണം വീതം അടങ്ങുന്ന പേജുകളായി മാറ്റാവുന്ന തരത്തിൽ ക്രമീകരിച്ച് പ്രിന്റു ചെയ്യുന്ന സ്റ്റാമ്പുകൾ (25 വീതം) **12** വ്യത്യസ്ത എണ്ണം പുറങ്ങൾ അടങ്ങുന്ന **13,102** എണ്ണം ബുക്കുകളായി ബൈൻഡ് ചെയ്ത് പുറം ചട്ടയിൽ ക്രമ നമ്പർ രേഖപ്പെടുത്തണം. ചുവടെപ്പറയുന്ന വിശദാംങ്ങൾ പ്രകാരം അച്ചടി ബൈൻഡിംഗ് ക്വട്ടേഷൻ.

| നം | ഒരു പുറത്തിലെ സ്റ്റാമ്പ്- എണ്ണം | പുറങ്ങളുടെ എണ്ണം | ആകെ സ്റ്റാമ്പുകളുടെ എണ്ണം | ആകെ ബുക്കുകളുടെ എണ്ണം | പുറം ചട്ടയിലെ ക്രമ നമ്പർ | പുറംചട്ട - നിറം |
|---|---|---|---|---|---|---|
| 1. | 25 | 4 | 100 | 1772 | 1 മുതൽ 1772 വരെ | ബ്രൗൺ |
| 2. | 25 | 8 | 200 | 2084 | 1 മുതൽ 2084 വരെ | വെള്ള |
| 3. | 25 | 12 | 300 | 3880 | 1 മുതൽ 3880 വരെ | നീല |
| 4. | 25 | 20 | 500 | 3266 | 1 മുതൽ 3266 വരെ | മഞ്ഞ |
| 5. | 25 | 40 | 1000 | 627 | 1 മുതൽ 627 വരെ | ചുവപ്പ് |
| 6. | 25 | 80 | 2000 | 816 | 1 മുതൽ 816 വരെ | ഗ്രേ |
| 7. | 25 | 100 | 2500 | 98 | 1 മുതൽ 98 വരെ | പച്ച |
| 8. | 25 | 120 | 3000 | 7 | 1 മുതൽ 7 വരെ | ബ്രൗൺ |
| 9. | 25 | 160 | 4000 | 29 | 1 മുതൽ 29 വരെ | വയലറ്റ് |
| 10. | 25 | 200 | 5000 | 100 | 1 മുതൽ 100 വരെ | ക്രീം |
| 11. | 25 | 280 | 7000 | 254 | 1 മുതൽ 254 വരെ | ഓറഞ്ച് |
| 12. | 25 | 400 | 10000 | 169 | 1 മുതൽ 169 വരെ | ചാരം |

## 2. ശിശുദിന സ്റ്റാമ്പ് - 2024 - സർക്കാർ ഉത്തരവിന്റേയും ബഹു: മുഖ്യമന്ത്രിയുടെ സന്ദേശത്തിന്റേയും - അച്ചടി

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ശിശുദിന സ്റ്റാമ്പ് - 2024-ന് അനുവാദം നൽകിയ സർക്കാർ ഉത്തരവിന്റേയും ബഹു: മുഖ്യമന്ത്രിയുടെ സന്ദേശത്തിന്റേയും 33,000 എണ്ണം കോപ്പികൾ വീതം ചുവടെപ്പറയുന്ന പ്രകാരം അച്ചടി ക്വട്ടേഷൻ

| ക്രമ നം. | വിഷയം | പേപ്പർ നിലവാരം | അച്ചടി | കോപ്പികളുടെ എണ്ണം |
|---|---|---|---|---|
| 1 | ബഹു: മുഖ്യമന്ത്രിയുടെ സന്ദേശം | എ-4 ലെറ്റർഹെഡ് 80 GSM എക്സിക്യുട്ടീവ് ബോണ്ട് പേപ്പർ | ബഹു: മുഖ്യമന്ത്രിയുടെ ചിത്രം സഹിതം മൾട്ടി കളർ | 33,000 |
| 2 | സർക്കാർ ഉത്തരവ് | ഫോം-എ4 70 GSM മാപ്ലിത്തോ പേപ്പർ | നീല മഷി | 33,000 |

## 3. ശിശുദിന സ്റ്റാമ്പ് - 2024 പോസ്റ്റർ

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ശിശുദിന സ്റ്റാമ്പ് - 2024-വിതരണം - പ്രചരണാർത്ഥം - വിൽപ്പന സുഗമമാക്കുന്നതിനായി ശിശുദിന സ്റ്റാമ്പ് - 2024- ന്റെ ആശയം ഉൾക്കൊള്ളുന്ന 25,000 എണ്ണം മൾട്ടികളർ പോസ്റ്റർ **എ-3 സൈസിൽ 100 GSM** ആർട്ട് പേപ്പറിൽ ചുവടെപ്പറയുന്ന പ്രകാരമുള്ള അച്ചടി ക്വട്ടേഷൻ.

| പേപ്പർ അളവ് | പേപ്പർ നിലവാരം | അച്ചടി | എണ്ണം |
|---|---|---|---|
| **എ-3** | **100 GSM ആർട്ട് പേപ്പർ** | **മൾട്ടി കളർ** | **30,000** |

## 4. മൈസൂർ ക്രാഫ്റ്റ് ബ്രൗൺ എൻവെലപ്പ് 14 x10 ഇഞ്ച്

മൈസൂർ ക്രാഫ്റ്റ് പേപ്പറിലെ ബ്രൗൺ എൻവെലപ്പ് 14 x10 ഇഞ്ച് -12,000 എണ്ണത്തിൽ സമിതിയുടെ എംബ്ലം ചുവന്ന മഷിയിലും അഡ്രസ്സ് പച്ച മഷിയിലും ഇടതുവശത്ത് കീഴ്ഭാഗ ത്തും, ചൈൽഡ് ഹെൽപ്പ് ലൈൻ പച്ച മഷിയിലും 1517 ചുവന്ന മഷിയിലും ഇടതുവശത്ത് മുകൾഭാഗത്തും അച്ചടി/സ്ക്രീൻപ്രന്റ് ചെയ്യാൻ ചുവടെപ്പറയുന്ന പ്രകാരമുള്ള അച്ചടി ക്വട്ടേഷൻ

| കവർ അളവ് | പേപ്പർ നിലവാരം | അച്ചടി | എണ്ണം |
|---|---|---|---|
| **14 x10 ഇഞ്ച്** | **മൈസൂർ ക്രാഫ്റ്റ് ബ്രൗൺ** | **രണ്ട് കളർ** | **25,000** |

**'ശിശുദിനസ്റ്റാമ്പ്-2024-അച്ചടി-അനുബന്ധ ക്വട്ടേഷൻ'** എന്നു രേഖപ്പെടുത്തിയ മുദ്രവച്ച കവറിൽ സ്ഥാപനത്തിന്റെ ലെറ്റർ പാഡിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തൈക്കാട്, തിരുവനന്തപുരം എന്ന മേൽവിലാസത്തിലാണ് സമർപ്പിക്കേണ്ടത്.

**18/09/2025 തികളാഴ്ച വൈകുന്നേരം 4 മണിക്ക്** മുമ്പായി ക്വട്ടേഷനുകൾ തപാൽ മാർഗ്ഗമോ നേരിട്ടോ സമിതിയിൽ എത്തിക്കേണ്ടതാണ്

**18/09/2025 വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിച്ച് തിരഞ്ഞെടുക്കുന്നതായിരിക്കും.**

അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനം രണ്ടാം കക്ഷിയായും, സമിതി, ഒന്നാം കക്ഷിയായും ഒപ്പിടുന്ന കരാർ പ്രകാരം 12 ദിവസത്തിനുള്ളിൽ ഒരു കോടി **ശിശുദിനസ്റ്റാമ്പ്-2024 12** ഇനത്തിൽപ്പെട്ട **13,102** ബുക്കുകളായി ബൈൻഡു ചെയ്യുകയും **10** ദിവസത്തിനുള്ളിൽ 12,430 എണ്ണം മേൽവിലാസ്സങ്ങളിലായി പായ്ക്ക്/പാഴ്സൽ രൂപത്തിലാക്കേണ്ടതാണ്.

സർക്കാർ ഉത്തരവിന്റേയും ബഹു: മുഖ്യമന്ത്രിയുടെ സന്ദേശത്തിന്റേയും 33,000 എണ്ണം കോപ്പികൾ, ശിശുദിന സ്റ്റാമ്പ് - 2024- ന്റെ ആശയം ഉൾക്കൊള്ളുന്ന 30,000 എണ്ണം മൾട്ടികളർ പോസ്റ്റർ, മൈസൂർ ക്രാഫ്റ്റ് പേപ്പറിലെ ബ്രൗൺ എൻവെലപ്പ് 14 x10 ഇഞ്ച് -12,000 എണ്ണം അച്ചടി 7 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കണം

ബുക്കുകൾ പരിശോധിച്ച് അച്ചടിയും എണ്ണവും തൃപ്തികരവും, കൃത്യവുമാണെങ്കിൽ 7 ദിവസത്തിനുള്ളിൽ 50% തുകയും, വിതരണം പുരോഗമിക്കുമ്പോൾ ബാക്കി തുകയുടെ 5% അല്ലെങ്കിൽ 10,000/- രൂപ കിഴിച്ചുള്ള തുകയും അനുവദിക്കുന്നതായിരിക്കും.

കിഴിവു വരുത്തിയ തുക വിതരണം പൂർത്തിയായതിനു ശേഷം അച്ചടി/എണ്ണം/നിലവാരം, സംബന്ധിച്ചപരാതികൾ ഉണ്ടെങ്കിൽ പരിഹരിച്ചതിനുശേഷം ലഭ്യമാക്കുന്നതായിരിക്കും.

സർക്കാർ ഉത്തരവിന്റേയും ബഹു: മുഖ്യമന്ത്രിയുടെ സന്ദേശത്തിന്റേയും 33,000 എണ്ണം കോപ്പികൾ, ശിശുദിന സ്റ്റാമ്പ് - 2024- ന്റെ ആശയം ഉൾക്കൊള്ളുന്ന 30,000 എണ്ണം മൾട്ടികളർ പോസ്റ്റർ, മൈസൂർ ക്രാഫ്റ്റ് പേപ്പറിലെ ബ്രൗൺ എൻവെലപ്പ് 14 x10 ഇഞ്ച് -12,000 എണ്ണം എന്നിവയുടെ അച്ചടി തൃപ്തികരവും, കൃത്യവുമാണെങ്കിൽ 7 ദിവസത്തിനുള്ളിൽ തുക അനുവദിക്കുന്നതായിരിക്കും

**അഡ്വ. ജി.എൽ. അരുൺഗോപി**
**ജനറൽ സെക്രട്ടറി**

---

**പകർപ്പ് :**
സൂപ്രണ്ട്/നോട്ടീസ് ബോർഡ്/ദിനപത്രപരസ്യം/വെബ്സൈറ്റ്/സെക്ഷൻ/ഗവ. പ്രസ്സ്/സി-ആപ്റ്റ്